"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ കരാർ ജീവനക്കാർ 01.10.2024 മുതൽ 28.10.2024 വരെയുള്ള കാലയളവിൽ സർക്കാർ അനുമതി കൂടാതെ ജോലി നോക്കിയ നടപടി സാധൂകരിച്ചും ടി കാലയളവിൽ, ജോലി ചെയ്ത ദിവസങ്ങൾക്ക്, തസ്തികകൾക്ക് അനുവദനീയമായ നിരക്കിലുള്ള ദിവസവേതനം അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1535/2025/LSGD തീയതി,തിരുവനന്തപുരം, 21-06-2025

---

പരാമർശം:-

1. 09.07.2024-ലെ സ.ഉ.(സാധാ) നം.1252/2024/LSGD
2. 29.10.2024-ലെ സ.ഉ.(സാധാ) നം.2066/2024/LSGD
3. 18.12.2024-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/38209/2024-DPLD3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ജോലിയിൽ തുടരുന്ന കരാർ ജീവനക്കാരുടെ കരാർ കാലാവധി, സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി ഒന്നോ രണ്ടോ ദിവസത്തെ ഇടവേള നൽകി പെർഫോർമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് മേൽ പരാമർശിത സർക്കാർ ഉത്തരവ് (2) പ്രകാരം അനുമതി നൽകുകയുണ്ടായി. നിലവിലുണ്ടായിരുന്ന ജീവനക്കാരുടെ കാലാവധി 30.09.2024-ന് അവസാനിച്ചിരുന്നു. എന്നാൽ അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി ഒരു തുടർ പദ്ധതി ആണെന്നതിനാലും സർക്കാർ അനുമതി പ്രതീക്ഷിച്ചിരുന്നതിനാലും ജീവനക്കാർ സ്വാഭാവികമായും സേവനത്തിൽ തുടർന്ന് വന്നിരുന്നു. എന്നാൽ പുതിയ ഉത്തരവ് പ്രകാരം 29.10.2024-ന് ശേഷം മാത്രമേ കരാർ പുതുക്കാൻ കഴിയുകയുള്ളൂ ടി സാഹചര്യത്തിൽ 01.10.2024 മുതൽ 28.10.2024 വരെയുള്ള കാലയളവിൽ ജീവനക്കാരുടെ ശമ്പളം വിതരണം ചെയ്യാൻ കഴിഞ്ഞില്ല എന്നും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജോലി ചെയ്ത ദിവസങ്ങളിലെ വേതനം അനുവദിക്കേണ്ടതായിട്ടുണ്ട് എന്നതിനാൽ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലെ കരാർ ജീവനക്കാർ 01.10.2024 മുതൽ 28.10.2024 വരെയുള്ള കാലയളവിൽ സർക്കാർ അനുമതി

കൂടാതെ ജോലി നോക്കിയത് സാധൂകരിച്ചും ടി കാലയളവിൽ, ഇവർ ജോലി ചെയ്ത ദിവസങ്ങൾക്ക്, അതാത് തസ്തികകൾക്ക് അനുവദനീയമായ നിരക്കിലുള്ള ദിവസവേതനം അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

To

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ കോർപ്പറേഷൻ, നഗരസഭാ സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (05.04.2025-ലെ 3036752/ഡിവ.-1/133/2024/ഫിൻ പ്രകാരം)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 21-06-2025 11:49:47
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി